ബേക്കറി ജംഗ്ഷനിലെ നിർഭയ ഓഫീസ് പൂജപ്പുരയിലേക്ക് മാറ്റി

തിരുവനന്തപുരം: ബേക്കറി ജംഗ്ഷനിൽ പ്രവർത്തിച്ചിരുന്ന സാമൂഹ്യനീതി വകുപ്പിന്റെ നിർഭയ സെൽ പൂജപ്പുരയിലേക്ക് മാറ്റി. ബേക്കറിജംഗ്ഷനിൽ വാടകകെട്ടിടത്തിലായിരുന്നുനിർഭയഓഫീസും വൺസ്റ്റോപ്പ് സെന്ററും പ്രവർത്തിച്ചിരുന്നത്. അടുത്തിടെ കേന്ദ്രത്തിൽവെള്ളം, കറന്റ്എന്നിവ കിട്ടാതായതോടെ 24 മണിക്കൂറും പ്രവർത്തിക്കേണ്ടിയിരുന്ന വൺസ്റ്റോപ്പ്സെന്ററിന്റെപ്രവർത്തനം മുടങ്ങിയിരുന്നു. ഉടമ കെട്ടിടം ഒഴിയാൻ ആവശ്യപ്പെട്ടതിനാലാണ് പൂജപ്പുരയിലെപൂട്ടിക്കിടക്കുന്ന നിർഭയയുടെ കെട്ടിടത്തിലേക്ക്മാറിയതെന്നാണ് അധികൃതർ നൽകുന്ന വിശദീകരണം.

ക്രിക്കറ്റ് പരിശീലന ക്യാമ്പ്

തിരുവനന്തപുരം: ഷൈൻസ് ക്രിക്കറ്റ് അക്കാഡമിയുടെ അവധിക്കാല ക്രിക്കറ്റ് പരിശീലന ക്യാമ്പ് ഏപ്രിൽ 2 മുതൽ പട്ടം സെന്റ്മേരീസ് ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ടിൽ ആരംഭിക്കും. 5 മുതൽ 18 വയസു വരെയുള്ള കുട്ടികൾക്ക് പങ്കെടുക്കാം. ഫോൺ: 9747870767.

ഗാന്ധിസ്മൃതി

തിരുവനന്തപുരം: മഹാത്മാഗാന്ധിയുടെ 150-ാം ജന്മവാർഷികത്തോടനുബന്ധിച്ച്കേന്ദ്രസാഹിത്യ അക്കാഡമി, യൂണിവേഴ്സിറ്റി കോളേജ് ചരിത്ര വിഭാഗത്തിന്റെ സഹകരണത്തോടെ 'ഗാന്ധിസ്മൃതി' പരിപാടിസംഘടിപ്പിച്ചു. ഗാന്ധി സ്മാരകനിധി മുൻ ചെയർമാൻ ഡോ. എൻ. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു.

സാഹിത്യ അക്കാഡമി ഉപദേശകസമിതി അംഗം ഡോ. അജയപുരം ജ്യോതിഷ് കുമാർ ആമുഖപ്രഭാഷണം നടത്തി. മലയിൻകീഴ് ഗോപാലകൃഷ്ണൻ, ഡോ. ചാച്ചാജി ശിവരാജൻ, ഡോ.എൻ. ഗോപകുമാരൻ നായർ, എ. ബാലകൃഷ്ണൻ എന്നിവർ പ്രഭാഷണം നടത്തി.

പ്രിൻസിപ്പൽ ജെ. അനിൽകുമാർഅദ്ധ്യക്ഷനായി. സാബുകോട്ടക്കൽ സ്വാഗതവും എൽ.വി. ഹരികുമാർ നന്ദിയും പറഞ്ഞു.

ജില്ലാ കൺവെൻഷൻ

തിരുവനന്തപുരം: ലോക്സഭാതിരഞ്ഞെടുപ്പിൽ ഇടതുപക്ഷ സ്ഥാനാർത്ഥികളെ വിജയിപ്പിക്കണമെന്ന് ജില്ലാ മോട്ടോർ തൊഴിലാളി യൂണിയൻ (എ.ഐ.ടി.യു.സി) ജില്ലാ കൺവെൻഷൻ അഭ്യർത്ഥിച്ചു. കൺവെൻഷൻ സി.പി.ഐ ജില്ലാ സെക്രട്ടറി ജി.ആർ. അനിൽ ഉദ്ഘാടനം ചെയ്തു.

എ.ഐ.ടി.യു.സി ജില്ലാ സെക്രട്ടറി മീനാങ്കൽ കുമാർ അദ്ധ്യക്ഷനായി. മോട്ടോർ തൊഴിലാളി ഫെഡറേഷൻ സംസ്ഥാന സെക്രട്ടറി പട്ടം ശശിധരൻ, ജില്ലാ വൈസ് പ്രസിഡന്റ് എം. രാധാകൃഷ്ണൻ നായർ, മുരളി പ്രതാപ്, കെ. മോഹനൻ, ഹഡ്സൻ ഫെർണാണ്ടസ്, മൈക്കിൾ ബാസ്റ്റ്യൻ, സുനിൽ മതിലകം, ഡി. രഘുവരൻ, എസ്. സുനിൽ കുമാർ, കർണികാരം ശ്രീകുമാർ, സിറി, ചിറയിൻകീഴ് നൗഷാദ്, എ. അക്ബർ, പ്രകാശ് കുമാർ തുടങ്ങിയവർ സംസാരിച്ചു.

കൊല്ലങ്കോട് ഭദ്രകാളി ക്ഷേത്രത്തിൽ മീനഭരണി തൂക്ക മഹോത്സവം 30 മുതൽ

തൂക്കം ഏപ്രിൽ 8ന്

കുഴിത്തുറ: കൊല്ലങ്കോട് ഭദ്രകാളി ക്ഷേത്രത്തിൽ മീനഭരണി തൂക്കമഹോത്സവം മാർച്ച്30മുതൽ ഏപ്രിൽ8 വരെ നടക്കും. 30ന്രാവിലെ 7 ന് ആചാരാനുഷ്ഠാനങ്ങളോടെ വെങ്കഞ്ഞി ക്ഷേത്രത്തിലേക്കുള്ള കൊടിമരഘോഷയാത്ര, 3 ന് വെങ്കഞ്ഞി ക്ഷേത്രത്തിലേക്ക് എഴുന്നള്ളിപ്പ്.

വൈകിട്ട് 7 ന് തൃക്കൊടിയേറ്റ്, 7.30 ന് സന്ധ്യാ ദീപാരാധന, രാത്രി 8.30 ന് തൂക്കമഹോത്സവ ഉദ്ഘാടനസമ്മേളനത്തിൽകോവൈകാമാക്ഷിപുരി51 ശക്തിപീഠം ഗുരു മഹാ സന്നിധാനം ജ്ഞാനഗുരു സ്വാമി ശാക്തശ്രീ ശിവലിംഗേശ്വരൻ അനുഗ്രഹ പ്രഭാഷണം നടത്തും. കേന്ദ്രമന്ത്രി പൊൻ രാധാകൃഷ്ണൻ ഉദ്ഘാടന പ്രസംഗം നടത്തും.

ഏപ്രിൽ 1 ന് രാവിലെ 8 ന് തൂക്കക്കാരുടെ വൈദ്യപരിശോധന, ഉച്ചയ്ക്ക് 2ന് ഓട്ടൻതുള്ളൽ വൈകിട്ട് 4.30 ന് ജപലയം. 2 ന് രാവിലെ 8.30 ന് തൂക്ക നേർച്ച നറുക്കെടുപ്പ്, തുടർന്ന് കാപ്പുകെട്ട്, 9 ന് തൂക്കക്കാരുടെ നമസ്കാരം. 6 ന് രാവിലെ 7.30 ന് ഉരുൾ നമസ്കാരം, വൈകിട്ട് 6 ന് വണ്ടിയോട്ടം. 8ന്രാവിലെ4.30ന്മുട്ടുകുത്തി നമസ്കാരം, 5ന് പച്ചപന്തലിൽ എഴുന്നള്ളത്ത്, 6 ന് തൂക്ക നേർച്ച ആരംഭം തുടർന്ന്തൂക്കക്കാരുടെ ഒരുങ്ങി വരവ് ഘോഷയാത്ര, തൂക്കനേർച്ച അവസാനിച്ചശേഷം വില്ലിൻമൂട്ടിൽ ഗുരുസി തർപ്പണത്തോടെ ഈ വർഷത്തെ ഉത്സവം അവസാനിക്കും.

കെ.പി.എം.എസ്48-ാം സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായുള്ള കൊടിമര ജാഥയുടെ സംഘാടക സമിതി ഓഫീസ് വെങ്ങാനൂരിൽ എസ്.എൻ.ഡി.പി യോഗം കോവളം യൂണിയൻ പ്രസിഡന്റ് ടി.എൻ. സുരേഷ് ഉദ്ഘാടനം ചെയ്യുന്നു. കെ.പി.വൈ.എം സംസ്ഥാന പ്രസിഡന്റ് പ്രശോഭ് ഞാറവേലി, ജാഥ ക്യാപ്ടൻ സുഭാഷ് എസ്. കല്ലട, സന്ദീപ് അരിയാംപുറം, കാര്യവട്ടം ഗോപകുമാർ, മുകേഷ് തിരുവല്ലം, കാർഷിക കോളേജ് രാജൻ, പേയാട് രാധാകൃഷ്ണൻ, ബിനി ലാൽ, ലാൽജി എന്നിവർ സമീപം

'സമ്മോഹനം' ഭവനസന്ദർശനം 28ന്

തിരുവനന്തപുരം: മുൻകാലങ്ങളിൽ തിരഞ്ഞെടുപ്പ് വേദികളിൽ പ്രവർത്തിച്ചിരുന്നവരും ഇപ്പോൾ ശയ്യാവലംബിയായവരുമായ അഞ്ച്കോൺഗ്രസ്നേതാക്കളെകാണാനും സ്നേഹോപഹാരം സമ്മാനിക്കാനും ആദ്യകാല കെ.എസ്.യു നേതാക്കളുടെ കൂട്ടായ്മയായ 'സമ്മോഹനം' എത്തുന്നു. കെ.പി.സി.സി മുൻ പ്രസിഡന്റ് എം.എം. ഹസൻ, സമ്മോഹനം ചെയർമാൻ വിതുര ശശിഎന്നിവരുടെ നേതൃത്വത്തിൽ 28 നാണ് ഭവനസന്ദർശനം. കെ.എൻ. മധുസൂദനൻ നായർ (കാട്ടാക്കട മധു), പാപ്പനംകോട് ശ്രീനി, പേട്ട അബ്ദുൾ കരീം, എം. എസ്. സുരേന്ദ്രൻ, ആദ്യകാലകെ. എസ്.യു - എൻ.ജി.ഒ അസോസിയേഷൻ നേതാവ് ശാസ്തവട്ടം രവി എന്നിവരുടെ വീട്ടുകളാണ് നേതാക്കൾ സന്ദർശിക്കുക.

മദ്യലഹരിയിൽ ആക്രമണം:

കോവളം: തിരുവല്ലം ലങ്കയിൽ മദ്യലഹരിയിലായിരുന്ന ആളിന്റെ മർദ്ദനത്തിൽ രണ്ടുപേർക്ക് പരിക്ക്. തിരുവല്ലം ലങ്ക സ്വദേശികളായ ശ്രീകുമാർ, രാജു എന്നിവർക്കാണ്പരിക്കേറ്റത്. ഇന്നലെവൈകിട്ട് 4.30ഓടെയായിരുന്നസംഭവം. മദ്യലഹരിയിലായിരുന്നതിരുവല്ലംസ്വദേശിബിനപരശുരാമസ്വാമിക്ഷേത്രത്തിനടുത്തുള്ളബലിക്കടവ്ഭാഗത്തെത്തുകയും ഇതുവഴിസഞ്ചരിച്ച ഇരുവരെയും കൈയിലുണ്ടായിരുന്ന ഉപകരണം ഉപയോഗിച്ച് മുറിവേല്പിക്കുകയുമായിരുന്നു. രക്ഷപെടാൻ ശ്രമിച്ച ബിനുവിനെ നാട്ടുകാർ പിടികൂടി തിരുവല്ലം പൊലീസിന് കൈമാറി. പരിക്കേറ്റവരെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

വാഹനാപകടം: ഒരാൾക്ക് പരിക്ക്

കല്ലമ്പലം: തോട്ടയ്ക്കാട് പത്തുവിളയിൽമാരുതിഒമ്നിവാൻനിയന്ത്രണം വിട്ട്റോഡ്സൈഡിലെഡിവൈഡറിലിടിച്ച്ഡ്രൈവർക്ക്പരിക്ക്. പാരിപ്പള്ളി ഗാനാ നിവാസിൽ കുമാറിനാണ് പരിക്കേറ്റത്. കഴിഞ്ഞ ദിവസം രാത്രി പത്തു മണിയോടെയായിരുന്നു അപകടം. ന് ആറ്റിങ്ങൽ ഫയർഫോഴ്സെത്തി കാർ വെട്ടിപൊളിച്ചാണ് കുമാറിനെ പുറത്തെടുത്തത്. പരിക്കേറ്റയാളെ വലിയകുന്ന് ഗവ.ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

കാളിമല തീർത്ഥാടനം ഏപ്രിൽ 13 മുതൽ

വെള്ളറട: ദക്ഷിണ ഭാരത തീർത്ഥാടന കേന്ദ്രമായ കാളിമലയിൽ ചിത്ര പൗർണമി തീർത്ഥാടനം ഏപ്രിൽ 13ന് ആരംഭിച്ച് 19 ന് ചിത്ര പൗർണമി പൊങ്കാലയോടുകൂടി സമാപിക്കും. തീർത്ഥാടനത്തിന്മുന്നോടിയായുള്ള രഥയാത്ര ഏപ്രിൽ 11 മുതൽ 13 വരെജില്ലയുടെ വിവിധ ഭാഗങ്ങളിൽ സന്ദർശിക്കും. 13ന്തീർത്ഥാടനഉദ്ഘാടനസമ്മേളനം നടക്കും. ഏഴാം ഉത്സവദിവസമായ ഏപ്രിൽ 19ന്രാവിലെ9ന്നാൽപന്തേട്ടുകാണിസെറ്റിൽമെന്റിൽ നിന്നും എത്തുന്ന മുട്ടുകാണിമാർക്ക് പൂർണ കുംഭത്തോടെ സ്വീകരണം നൽകും. തുടർന്ന് 9.30ന് ലക്ഷങ്ങൾ പങ്കെടുക്കുന്ന ചിത്ര പൗർണമി പൊങ്കാല നടക്കും. 10.15ന്ട്രസ്റ്റ്പ്രസിഡന്റ്സി. രാജേന്ദ്രന്റെഅദ്ധ്യക്ഷതയിൽദേശീയ സെമിനാർ നടക്കും. വെള്ളിമല ഹിന്ദു ധർമ്മ വിദ്യാപീഠം മാഗാധിപതി സ്വാമി ചൈതന്യാനന്ദജി മഹാരാജ് യോഗത്തിൽ അനുഗ്രഹ പ്രഭാഷണം നടത്തും. സ്വാമി അഭയാനന്ദ കേന്ദ്രമന്ത്രി പൊൻ രാധാകൃഷ്ണൻ തുടങ്ങിയവർ മുഖ്യ പ്രഭാഷണം നടത്തും. വേലായുധൻ, കൊല്ലം തുളസി, ഡി. വിജയകുമാർ തുടങ്ങിയവർ സംസാരിക്കും. ഉത്സവ കമ്മിറ്റി ജനറൽ സെക്രട്ടറിആർ. ശ്രീപതിരാജ്സ്വാഗതവും ചെയർമാൻ ഡി. വിജയകുമാർ നന്ദിയും പറയും. 12.30ന് പൊങ്കാല പൂജയും പൊങ്കാലനിവേദ്യവും നടക്കും. രാത്രി 12ന്മഹാകാളിയൂട്ടോടുകൂടി ഉത്സവത്തിന് സമാപനമാകും. ഉത്സവത്തിന് മുന്നോടിയായുള്ള ദീപ ജ്യോതി രഥയാത്ര ഏപ്രിൽ 11 ന് രാവിലെ 7 ന് ലീല ഗ്രൂപ്ഓഫ് ഹോട്ടൽ ചെയർമാൻ ഡി. രാജശേഖരൻ നായർ പത്തുകാണിയിൽ ഫ്ലാഗ് ഓഫ് ചെയ്യും. ജില്ലയുടെ വിവിധ ഭാഗങ്ങളിൽ സന്ദർശിച്ചശേഷം 13ന്വൈകിട്ട്പഞ്ചമലക്കാവിൽ എത്തിച്ചേരുന്ന രഥയാത്രയ്ക്ക് കാളിമല ട്രസ്റ്റിന്റെ നേതൃത്വത്തിൽ സ്വീകരണം നൽകും.

ജെ.എം. രാജു രചിച്ച 'ശാന്താ പി. നായർ കെ. പദ്മനാഭൻ നായർക്കൊഷം' എന്ന പുസ്തകം ഹോട്ടൽ ചിരാഗ് ഇന്നിൽ ഡോ.കെ. ജയകുമാർ ജി. ജയലാലിന് നൽകി പ്രകാശനം ചെയ്യുന്നു. ബൈജു ചന്ദ്രൻ, രാധാകൃഷ്ണൻ ചെറുവല്ലി, ലതാ രാജു എന്നിവർ സമീപം

പാട്ടിൽ സാഹിത്യം പാടില്ലെന്നതാണ് പുതിയ ചിട്ട: കെ. ജയകുമാർ

തിരുവനന്തപുരം: പാട്ടെഴുത്തിൽ സാഹിത്യം പാടില്ലെന്നതാണ് പുതിയ ചിട്ടയെന്ന് മലയാളം സർവകലാശാലമുൻവൈസ് ചാൻസലറും ഗാനരചയിതാവുമായ കെ. ജയകുമാർ പറഞ്ഞു.

ജെ.എം. രാജു എഴുതിയ 'ശാന്ത പി. നായർ കെ. പദ്മനാഭൻ നായർക്കൊഷം' എന്ന പുസ്തകം പ്രകാശനം ചെയ്യുകയായിരുന്നു അദ്ദേഹം. പാട്ടെഴുത്ത് കാവ്യാത്മകമാകരുത് എന്നാണ് പുതിയ നിർമ്മാതാക്കളും സംവിധായകരും ആദ്യമേ ആവശ്യപ്പെടുന്നത്. സാഹിത്യ ഭംഗിയില്ലാതെ പാട്ടെഴുതാൻ കഴിയില്ല. അതുകൊണ്ട് പലപ്പോഴും പുതിയ പല സിനിമകളിൽ നിന്നും പാട്ടെഴുതാതെ പിന്മാറുകയാണ് ചെയ്യുന്നതെന്നും ജയകുമാർ പറഞ്ഞു.

ഹോട്ടൽ ചിരാഗ് ഇന്നിൽ നടന്ന ചടങ്ങിൽ പുസ്തകത്തിന്റെ ആദ്യപ്രതി കെ. ജയകുമാർആകാശവാണി മുൻ ഡയറക്ടർ ജനറൽ ജി. ജയലാലിന് നൽകി പ്രകാശനം ചെയ്തു. ദുരദർശൻ ഡെപ്യൂട്ടി ഡയറക്ടർ ബൈജു ചന്ദ്രൻ, രാധാകൃഷ്ണൻചെറുവല്ലി, ശാന്ത പി. നായരുടെ മകൾ ലതാ രാജു എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

ഗൃഹാതുരത്വമുണർത്തുന്ന മലയാള ചലച്ചിത്ര ഗാനങ്ങളിലൂടെ മലയാളി മനസുകളിൽ ഇടംനേടിയ ശാന്ത പി. നായരുടെ പാട്ടുജീവിതത്തെ അടയാളപ്പെടുത്തുന്ന പുസ്തകം ശാന്ത പി. നായരുടെ ഭർത്താവ്, മലയാളം റേഡിയോപ്രക്ഷേപണത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന കെ. പദ്മനാഭൻ നായരെക്കുറിച്ചുള്ള ഓർമ്മക്കുറിപ്പുകൾ കൂടിയാണ്.

ശാന്ത പി. നായർ - കെ. പദ്മനാഭൻ നായർ ദമ്പതികളുടെമരുമകനാണ് ഗ്രന്ഥകർത്താവായ ജെ. എം. രാജു.

ഇന്ന്

കനകക്കുന്ന് സൂര്യകാന്തി: വിസ്പർ ഇൻ സൈലൻസ് ഫോട്ടോ എക്സിബിഷൻ, ഉദ്ഘാടനം അടൂർ ഗോപാലകൃഷ്ണൻ 5.30ന്

ശാന്തിഗിരി ആശ്രമം: മോഹൻലാലിന് പ്രണവപത്രം പുരസ്കാരം സമർപ്പണം- 5ന്.

കോട്ടയ്ക്കകം അഭേദാശ്രമം: ഭാഗവതപ്രഭാഷണം- 5.15ന്, ഭജന- 7ന്.

മാത്തനടകുന്നം മഠത്തിൽനടദേവീക്ഷേത്രം: കൊന്ന തോറ്റം പാട്ട്- 7ന്.

വട്ടപ്പാറ വേറ്റിനാട് ഊരുട്ടമ്പലം ക്ഷേത്രം: സാംസ്കാരിക സമ്മേളനം- 7.30ന്.

കുമാരകോവിൽ സുബ്രഹ്മണ്യസ്വാമി ക്ഷേത്രം: കുറവൻപടുകളം- 4ന്.

പേട്ട കണിയാട്ടി അമ്മൻ കോവിൽ: പുറത്തെഴുള്ളിപ്പ്- 6.30ന്.

ആറാല്യമൂട് കടകമ്പിൽ ഭദ്രകാളി ക്ഷേത്രം: ഭക്തിഗാനസുധ-7.15ന്.

ശ്രീ കട്ടച്ച ഭഗവതി ക്ഷേത്രം: പൊങ്കാല- 8.30ന്.

നീറമൺകര ശ്രീ ഭദ്രകാളി ദേവീക്ഷേത്രം: മംഗളപൂജ- 8ന്.

സിനിമ

■നൂൽ (2323244) :: ■SCREEN 1 - കോടതി സമക്ഷം ബാലൻവക്കിൽ (M- 11.15, 2.30, 6.15, 9.30)
■SCREEN 2 -JUNE (M-11.15,2.30, 6.15, 9.30)
■SCREEN 3 - 9 (M-11.15,2.30,6.15,9.30)
■ശ്രീകുമാർ (2331222) :: NO SHOWS
■ശ്രീവിശാഖ് (2331222):: AGNIDEV (T-11.15, 2.30,6.15,9.30)
■ശ്രീപത്മനാഭ (2473999) :: ഞാൻ പ്രകാശൻ (M- 11.00), HELLO (T-2.30,6.00,9.30)
■ദേവിപ്രിയ (2473999) :: കോടതി സമക്ഷം ബാലൻവക്കിൽ(M-11.00,2.30, 6.00,9.30)
■അജന്ത (2472825) :: ARGENTINA FANS KATTOORKADAVU (M-11.15, 2.30,6.15,9.30)
■കൃപ :: CAPTAIN MARVEL (E-3D 9.30am. 10.30am.1.30pm,4.20pm,7.15pm,10.15pm) THADAM (T-12.30,9.30pm) വാരിക്കുഴിയിലെകൊലപാതകം (M-3.30pm) BADLA (H- 6.3pm)
■കലാവൻ :: പത്മവ്യൂഹത്തിലെഅഭിമന്യു (M- 11.30), കുംബളങ്ങിനൈറ്റ്സ് (M-2.30,6.15,9.30)
■സെൻട്രൽ (2462865) :: BARBARIAN (E-11.30,2.30,6.30,9.30)
■കൈരളി (2332747) :: ARGENTINA FANS KATTOORKADAVU (M-11.15,2.30,6.15,9.30)
■ശ്രീ (2332747) :: ഇളയരാജ (M- 11.15, 2.30,6.15,9.30)
■നില (2332747) :: കുംബളങ്ങിനൈറ്റ്സ് (M- 11.15, 2.30, 6.15,9.30)
അരയക്കടവിൽ (M- 9.30)
■ലെനിൻസിനിമ :: കുംബളങ്ങിനൈറ്റ്സ് (M- 11.00am, 11.00pm),
AN INTERNATIONAL LOCAL STORY (M-2.15,5.30), URI (H - 8.30 pm)
■ധന്യ (2476773):: ഇളയരാജ (M- 11.15, 2.30, 6.15, 9.30)
■രമ്യ (2476773) :: HOW TO TRAIN YOUR DRAGON HIDDEN WORLD 3D (E -11.15)
KESARI (H- 2.30,6.15,9.30)
■ARIESPLEX SL CINEMA: (04714066660) ::
■Audi 1- HOW TO TRAIN YOUR DRAGON-3D (E- 11.30) CAPTAIN MARVELL-3D (E- 2.45) അർജന്റീന ഫാൻസ് കാട്ടൂർക്കടവ് (M-6.45,10.30)
■Audi 2- THADAM (T- 10.30AM, 10.30PM) KESARI (H-1.15,4.15) ഇളയരാജ (M-7.15)
■Audi 3- GULLY BOY (H- 10.30am) MARD KO DARD NAHI HOTA (H- 1.30pm, 7.15PM) UDGARSH (T-4.15pm)
BADLA (H- 10.30pm)
■Audi 4 - JUNE (M- 10.30am,1.15pm,7.15pm, 10.30pm) BDLA (H- 4.15pm)
Audi 5 - അർജന്റീന ഫാൻസ് കാട്ടൂർക്കടവ് (M- 11.30am,2.45pm) HOW TO TRAIN YOUR DRAGON 3D (E -7.15) KESARI (E -10.30)
■Audi 6 - കുംബളങ്ങിനൈറ്റ്സ് (M- 10.30, 1.15,4.15,7.15, 10.30)
■കുഴക്കാട്ടും കുട്ടി (2418144) :: AGNIDEV (T-11.15,9.30) ജൂൺ (M-2.30, 6.15)
■വെട്ടുറോഡ് ഹരിശ്രീ (04712755666) :: UCHAKATTAM (T- 11.15, 2.30, 6.15, 9.30)
■കഠിനംകുളം ജി ട്രാക്സ് (2757771) :: ■screen 1 : കായംകുളം കൊച്ചുണ്ണി (M-11.15, 2.30, 6.15, 9.30)
■screen2 : 96 (T- 11.30, 2.30, 6.30, 9.30)
■ആറ്റിങ്ങൽ ഡിഡീസ് (628997) :: THADAM (T- 11.15, 2.30, 6.15, 9.30)
■ആറ്റിങ്ങൽ ഗംഗ (2629973) :: ഞാൻ പ്രകാശൻ (M- 11.15, 2.15, 6.15, 9.15)
■ആറ്റിങ്ങൽ യമുന (2629973):: KGF (T-11.15, 2.15, 6.15, 9.15)
■ആറ്റിങ്ങൽ കാവേരി (9287218284) :: ZERO (H- 11.15, 2.30, 6.15, 9.30)
■ആറ്റിങ്ങൽ വൈശാഖ് (2622244) :: ജനാധിപൻ (M- 11.15, 2.15), ജോസഫ് (M-6.15, 9.15)
■ആറ്റിങ്ങൽ തപസ്യ (3291113) :: UCHAKATTAM (M- 11.00, 2.45, 6.30, 9.45)
■ആറ്റിങ്ങൽ തപസ്യ പ്രാരഡൈസ് (620920):: AGNIDEV (T-11.15, 6.30, 9.45) പ്രിയപ്പെട്ടവർ (M- 3.00)
■വർക്കല എസ്.ആർ (04702602339) :: KUMBALANGI NIGHTS (M- 11.00, 2.30, 6.15, 9.30)
■വർക്കല വിമല (9895233785):: HELLO (T-11.00, 3.00, 6.30, 9.45)
■വർക്കല സ്റ്റാർ സിനിമ (2602344) :: കോടതി സമക്ഷം ബാലൻ വക്കിൽ (M - 11.00, 6.15), കുംബളങ്ങിനൈറ്റ്സ് (M- 2.30, 9.30)
■ചിറയിൻകീഴ് സ്വാമിജി (9526752302) :: കമ്മാരസംഭവം (M- 3.00, 6.30, 9.30)
■നെടുമങ്ങാട് സൂര്യ (2802223) :: ഫ്രഞ്ച് വിപ്ലവം, (M- 11.00, 2.30, 6.15, 9.30)
■നെടുമങ്ങാട് സൂര്യ പ്രാരഡൈസ് (2813259):: LKG (T- 11.00, 2.30, 6.15, 9.30)
■നെടുമങ്ങാട് ശ്രീസരസ്വതി (8111966043) :: JULY KATRIL (M- 11.00, 2.30), മേരെ പ്യാരെ ദേശ് വാസിയോം (M, 6.15, 9.30)
■നെടുമങ്ങാട് റാണി :: ■screen 1 : കോടതി സമക്ഷം ബാലൻ വക്കിൽ (M-11.0, 6.15), കുംബളങ്ങിനൈറ്റ്സ് (M- 2.30, 9.30)
■screen 2 : CAPTEN MARWELL (E-3D -11.00, 2.30, 6.15, 9.30)
■ചെരിങ്ങമ്മല അശ്വതി (2400394) :: JOSEPH (M- 2.30, 6.30, 9.30)
■കളിയിക്കാവിള (ശ്രീകാളീശ്വരി (0471-2200073, 0471-2200174) ::
■Audi 1- ഗജനികാന്ത് (M- 11.30, 2.30, 6.15, 9.30)
■Audi 2- ഇബിലീസ് (M- 11.00, 2.30, 6.15, 9.30)
■Audi 3- KARWAAN (H- 11.00, 2.30, 6.15, 9.30)
■Audi 4- കൂടെ (M- 11.00, 2.30, 6.15, 9.30)
■Audi 5- JUNGA (T- 11.00, 2.30) ഒരുപഴയ ബോംബ് കഥ (M- 6.15, 9.30)
■കുളിയിക്കാവിള തമിൻസ് മാക്സ് :: പുലിമുരുകൻ (M-2.30, 6.15)
അച്ചം എന്നത് മടമയ്യെ (T- 11.00, 9.15)
■നെയ്യാറ്റിൻകര രുദ്ര :: പഞ്ചവർണതത്ത (M- 2.30, 6.30, 9.30)
■പോത്തൻകോട് MT CINEPLEX (2419515) :: ■Tela 1- CAPTAIN MARVEL (E-3D 11.15, 2.30, 6.15, 9.30) ■Tela 2- കുംബളങ്ങി നൈറ്റ്സ് (M- 11.00, 9.45) കോടതി സമക്ഷം ബാലൻ വക്കിൽ (M-2.15, 6.30)
■പോത്തൻകോട് എച്ച് കെ സിനിമാസ് (0471-2715555, 9447060600) :: HOW TO TRAIN YOUR DRAGON (E- 3D - 11.15, 2.30, 6.15, 9.30)
■വെഞ്ഞാറമൂട് സിസ്യു (9746159088) :: കുംബളങ്ങി നൈറ്റ്സ് (M- 11.30, 2.30, 6.30, 9.30)
■പേയാട് എസ്.പി സിനിമ (0471-2289053) :: KGF (M-11.00) കോടതി സമക്ഷം ബാലൻ വക്കിൽ (M-2.30, 6.15, 9.15)
■കല്ലറ ARS (9526906021) :: കമ്മാരസംഭവം (M- 2.30, 6.30)
■പടന്താലുമൂട് IMP :: HOW TO TRAIN DRAGON-3D (E-11.00, 2.30, 6.30, 9.30)
■കാട്ടാക്കട സ്വരലയ: (9188628546) :: ■സ്വരം - JULY KAATRIL (T- 11.30, 2.30) കുംബളങ്ങിനൈറ്റ്സ് (M- 6.30, 9.30)
■ലയം - HELLO (T- 11.15, 2.15, 6.15, 9.15) Evel et expernate et lam harchiciat ad quibust prorrempore earum fugitat
■കാട്ടാക്കട ശ്രീകുമാർ (9995952120) :: No show
■കുളിമാനൂർ എസ്.എൻ :: Now show
■പനച്ചമൂട് തമുനലക്ഷ്മി (9895614787) :: വാരിക്കുഴിയിലെകൊലപാതകം (M-2.30, 6.30, 9.30)
■പേയാട് എസ്.പി സിനിമ (0471-2289053) :: KGF (M-11.00) കോടതി സമക്ഷം ബാലൻ വക്കിൽ (M-2.30, 6.15, 9.15)
■screen 2 - വേലൈക്കാരൻ (T- 11.15, 2.30, 6.30, 9.30)
■കുളിക്കാട് ദീപ (9447553618) :: അച്ചായൻസ് (M- 6.30, 9.30)
■കാട്ടാക്കട ശ്രീമുരുക (9995952120) :: No show
■കിളിമാനൂർ എസ്.എൻ :: Now show
■പനച്ചമൂട് തമുനലക്ഷ്മി (9895614787) ::

തിരുവനന്തപുരം നഗരസഭ

R11/E7/10278/19 — 20.03.2019

ക്വൊട്ടേഷൻ/ലേലപരസ്യം

തിരുവനന്തപുരം നഗരസഭ മെയിൻ ഓഫീസ് വളപ്പിൽ നിൽക്കുന്ന 2 മഴമരങ്ങൾക്ക് 53,308/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വണംവകുപ്പിൽ നിന്ന് ലഭ്യമായിട്ടുണ്ട്. ടി എസ്റ്റിമേറ്റിനോടൊപ്പം കേന്ദ്ര- സംസ്ഥാന സർക്കാരുകൾ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നികുതികളും ബാധകമായിരിക്കും.

ക്വൊട്ടേഷൻ സ്വീകരിക്കുന്ന തീയതി : 28.3.2019, 3 മണി വരെ
പരസ്യ ലേലം : 29.3.2019, 11 മണി
ലേലം സ്ഥലം : നഗരസഭ മെയിൻ ഓഫീസ്

കൂടുതൽ വിവരങ്ങൾക്ക് നഗരസഭ റവന്യൂ നോൺടാക്സ് വിഭാഗവുമായി ബന്ധപ്പെടേണ്ടതാണ്. ലേലത്തിൽ പങ്കെടുക്കുന്നവർ അവരുടെ സർക്കാർ അംഗീകൃത തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് സഹിതം എത്തിച്ചേരേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ ലേല ദിവസം അവധിയാകുന്നതായാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയത്ത് ലേലം നടക്കുന്നതായിരിക്കും. ലേല സംബന്ധിച്ച അന്തിമതീരുമാനം ഫിനാൻസ് സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമാണ്.

(ഒപ്പ്)
റവന്യൂ ഓഫീസർ

തിരുവനന്തപുരം നഗരസഭ

No. E16/9054/19 — തീയതി : 18.03.2019

നഗരസഭ അറിയിപ്പ്

വിഷയം: തിരുവനന്തപുരം നഗരസഭ–എൻജിനീയറിംഗ് വിഭാഗം– കെട്ടിടങ്ങളുടെ അഗ്നിസുരക്ഷാ സംവിധാനം– അപാകത– സംബന്ധിച്ച്

താങ്കളുടെ ഉടമസ്ഥതയിലുള്ള/നിയന്ത്രണത്തിലുള്ള കെട്ടിടത്തിന് കെട്ടിട നിർമ്മാണ ചട്ടപ്രകാരമുള്ള സ്ഥിരം അഗ്നിശമന സുരക്ഷാ സംവിധാനങ്ങൾ ഇല്ലാതിരിക്കുക/ഉള്ളവ പ്രവർത്തനക്ഷമം അല്ലാതിരിക്കുക, കെട്ടിടത്തിലേക്കുള്ള പ്രവേശന മാർഗത്തിൽ തടസമുണ്ടാക്കുക, സുരക്ഷാ മാർഗങ്ങളായ സ്റ്റെയർകെയ്സുകൾ, പാസേജുകൾ, കോറിഡോറുകൾ തുടങ്ങിയവ തടസപ്പെടുത്തിക്കുക, ടെറസിൽ അപകടകരമായ മാറ്റങ്ങൾ വരുത്തുക, കെട്ടിടത്തിൽ ആവശ്യമായ വെന്റിലേഷൻ സൗകര്യം ഇല്ലാതിരിക്കുക എന്നിഗുരുതരമായവീഴ്ചകൾകണ്ടെത്തിയിട്ടുള്ളതാകുന്നു. അഗ്നിസുരക്ഷാ സംവിധാനം ഇല്ലാത്ത കെട്ടിടത്തിന് അടിയന്തരമായി അഗ്നിസുരക്ഷാ സംവിധാനം ഏർപ്പെടുത്തി ബന്ധപ്പെട്ട വകുപ്പിൽ നിന്നുമുള്ള സർട്ടി